## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 09.09.2015-ലെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 8.00 മണിക്ക് ബഹു.നഗരകാര്യവകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.08.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 **1081** തദ്ദേശഭരണ സ്ഥാപനങ്ങൾ **596.05** കോടി രൂപ (**9.81** %) ചെലവഴിച്ച തായും ഇതിൽ **910** ഗ്രാമപഞ്ചായത്തുകൾ **342.75** കോടി രൂപയും (**10.78** %), **107** ബ്ലോക്ക് പഞ്ചായത്തുകൾ **62.39** കോടി രൂപയും (**8.52**%), **13** ജില്ലാ പഞ്ചായത്തുകൾ **95.39**കോടി രൂപയും (**10.5**%), **46** മുനിസിപ്പാലിറ്റികൾ **62.64** കോടി രൂപയും, (**9.77** %), **5** കോർപ്പറേഷനുകൾ **32.86** കോടി രൂപയും (**5.33** %), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

2.2 സാമൂഹ്യ സുരക്ഷാ മിഷന് ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം ഇതുവരെയും പ്രോജക്ട് വച്ചിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അതിനായി പ്രോജക്ട് ഭേദഗതി ചെയ്യാൻ 2015 സെപ്റ്റംബർ 14 വരെ അനുമതി നൽകി തീരുമാനിച്ചു.

2.3 ഇ-ടെണ്ടർ ചെയ്യുമ്പോൾ ലഭിക്കുന്ന സിംഗിൾ ടെണ്ടർ അംഗീകരിക്കുന്നതിന് 15.07.2015-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 2.8 പ്രകാരം തീരുമാനിച്ച സമയ പരിധി 2015 സെപ്റ്റംബർ 20 വരെ ദീർഘിപ്പിച്ച് തീരുമാനിച്ചു.

3 **പ്രത്യേക വിഷയങ്ങൾ**

**3.1 പാലക്കാട് ജില്ലാ പഞ്ചായത്ത്( ഫയൽ നം. 23896/എഫ്.എം.3/13/തസ്വഭവ)**

കേന്ദ്രാവിഷ്കൃത പദ്ധതിയായ BRGF നിറുത്തലാക്കിയതിനാൽ നിലവിലുള്ള മൊത്തം ബാദ്ധ്യത സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഗ്രാമവികസന കമ്മീഷണറിൽ നിന്നും ലഭ്യമായശേഷം ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കൊല്ലം ജില്ലാ പഞ്ചായത്ത്( ഫയൽ നം. 196/ഡി.ബി.1/തസ്വഭവ)**

ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നത് കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്യേണ്ടതല്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത്( ഫയൽ നം. 446/ഡി.എ2/15/തസ്വഭവ)**

ഗവ.ഐ.ടി.ഐ കെട്ടിടത്തിന്റെ വാടക 2013 ഡിസംബർ മുതൽ 2015 മേയ് വരെയുള്ള വാടക കുടിശ്ശിക തനത് ഫണ്ടിൽ നിന്നും നൽകാനും കാലാവധി അവസാനിക്കുമ്പോൾ വാടക കരാർ പുതുക്കുന്നതിനും അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് ( ഫയൽ നം. 315/ഡി.ഡി.1/15/തസ്വഭവ)**

2010–11 ഗ്രാമസഭാ ലിസ്റ്റിൽ ഐ.എ.വൈ ഭവന സഹായത്തിന് തെരഞ്ഞെടുക്കപ്പെട്ടയാളിന്റെ വീട് 740 sq.ft നിർമ്മിച്ചത് അംഗീകരിച്ച് ധനസഹായം നൽകാൻ അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 പോത്തൻകോട് ഗ്രാമ പഞ്ചായത്ത്( ഫയൽ നം. 201/ഡി.ബി1/15/തസ്വഭവ)**

പട്ടികജാതി വിധവകൾക്ക് ഭവന നിർമ്മാണ ധനസഹായം 3 ലക്ഷം രൂപയായി അനുവദിക്കണമെന്ന ആവശ്യത്തിൽ 2 ലക്ഷം രൂപയിൽ അധികരിക്കുന്ന തുക ആവശ്യമെങ്കിൽ തനത് ഫണ്ടിൽ നിന്നും നൽകാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 തിരുവനന്തപുരം ജില്ലാ കളക്ടറുടെ കത്ത് (ഫയൽ നം. 443/ഡി.ബി.3/15/തസ്വഭവ)**

ടെണ്ടർ സേവിംഗ്സിന്റെ ഭാഗമായി ലഭിച്ച തുക ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാൻ അനുവദിച്ച് തീരുമാനമുള്ളതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കൊറ്റനാട് ഗ്രാമപഞ്ചായത്ത്**

2015–16 വർഷം നടപ്പാക്കുന്ന ഭവന നിർമ്മാണ ധനസഹായം പദ്ധതിക്ക് എടുക്കുന്ന വായ്പയുടെ തിരിച്ചടവ് സ്രോതസ്സിൽ നിന്നു കുറവ് ചെയ്ത് ബാങ്കിനു നൽകണമെന്ന ആവശ്യത്തിന്മേൽ വകുപ്പുതലത്തിൽ തീരുമാനിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ബഹു. കൃഷി വകുപ്പുമന്ത്രിയുടെ കത്ത്**

സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനം എന്ന നിലയിലേയ്ക്ക് കേരളത്തെ എത്തിക്കാൻ കഴിയുന്ന വിധത്തിൽ ജൈവക്കൃഷിക്ക് പ്രോത്സാഹനം നൽകാൻ ഗ്രാമപഞ്ചായത്തുകൾ ശ്രദ്ധിക്കണമെന്നും, ജൈവ കാർഷിക പ്രവർത്തനങ്ങൾ സംബന്ധിച്ച കാര്യങ്ങൾ സെപ്റ്റംബർ 17–ന് മുമ്പ് ഗ്രാമസഭകൾ കൂടി ചർച്ച ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകളോട് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ബഹു.എം.എൽ.എ ശ്രീ ജെയിംസ് മാത്യുവിന്റെ കത്ത്**

സ്മാർട്ട് ക്ലാസ് റൂം ഒരുക്കുന്നതിന്റെ ഭാഗമായി വൈഡ് ഏരിയ നെറ്റ് വർക്ക് ശൃംഖലയിൽ തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ സ്ക്കൂളുകളെക്കൂടി ഉൾപ്പെടുത്തുന്നതിന് പഞ്ചായത്ത് ഭരണ സമിതികളെ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്**

തെരുവുവിളക്ക് പരിപാലാനം സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ട ഏജൻസികളുടെ യോഗം ചേരാൻ 24.08.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം തീരുമാനിച്ചിട്ടുള്ളതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 സലിം അലി ഫൗണ്ടേഷൻ ചെയർമാന്റെ കത്ത്**

സമഗ്ര പരിസ്ഥിതി സൗഹൃദ വികസനം എന്ന പ്രോജക്ടുമായി സഹകരിക്കാൻ താൽപര്യമുള്ള ഗ്രാമപഞ്ചായത്തുകളെ അതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 മൂന്നാർ ഗ്രാമപഞ്ചായത്ത്**

പ്രോജക്ടുകൾക്ക് മാറ്റം വരുത്താനുള്ള സമയപരിധി കഴിഞ്ഞതിനാൽ പഞ്ചായത്തിന്റെ ആവശ്യം പ്രസക്തമല്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 എടത്തിരിത്തി ഗ്രാമപഞ്ചായത്ത്**

ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്തതിന് സാധൂകരണം നൽകണമെന്ന ആവശ്യം ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ടതായതിനാൽ വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ കത്ത്**

2015 മാർച്ചിനു മുമ്പ് 2015–16 വാർഷിക പദ്ധതികൾ തയ്യാറാക്കിയ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ ഭേദഗതി ചെയ്യാൻ അനുവദിക്കണമെന്ന ആവശ്യത്തിൽ 24.08.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 2.2 ആയി തീരുമാനമെടുത്തിട്ടുള്ളതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 കോട്ടപ്പടി ഗ്രാമപഞ്ചായത്ത്, വടക്കേക്കാട് ഗ്രാമപഞ്ചായത്ത്**

അനുവദനീയമായ തറ വിസ്തീർണ്ണത്തെക്കാൾ കൂടുതൽ വിസ്തീർണ്ണത്തിൽ വീടു വച്ചവർക്ക് ഐ.എ.വൈ. ധനസഹായം നൽകാൻ അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 കോഴിക്കോട് കോർപ്പറേഷൻ (ഫയൽ നം. ആർ.സി.1/272/15/തസ്വഭവ**

ലാൻഡ് അക്വിസിഷന് നഷ്ട പരിഹാരം നൽകുന്നത് സംബന്ധിച്ച് 17.07.2015–ലെ സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 316/ഡി.ഡി.2/15/തസ്വഭവ)**

9 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് ഇ–ടെണ്ടർ ഒഴിവാക്കി ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കാൻ അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

തനത് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രവൃത്തികൾ മാത്രം നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചാൽ മതിയെന്ന ഉത്തരവുണ്ടെന്ന് അറിഞ്ഞുകൊണ്ട് അതിനു വിരുദ്ധമായി പ്രവൃത്തിക്കുകയും പിന്നീട് സാധൂകരണം തേടുകയും ചെയ്യുന്നത് അനുചിതമായതിനാൽ നിർമ്മിതി കേന്ദ്രം മുഖേനയുള്ള മരാമത്ത് പ്രവൃത്തികൽ അംഗീകരിക്കണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് (ഫയൽനം.477/ഡി.എ2/15/തസ്വഭവ)**

കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള മൂന്നു നന്മ/നീതി സ്റ്റോറുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് വാടക നൽകുന്നത് പ്രസ്തുത സ്ഥാപനങ്ങൾ നന്നായി പ്രവർത്തിക്കുന്നു എന്ന പഞ്ചായത്ത് കമ്മിറ്റി ഉറപ്പു വരുത്തിയശേഷം മാത്രം തനത് ഫണ്ടിൽ നിന്നും നൽകാവുന്നതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 മീഞ്ച ഗ്രാമപഞ്ചായത്ത് (ഫയൽനം 469/ഡി.എ2/15/തസ്വഭവ)**

ജൈവവളം വിതരണം ചെയ്യുന്നതിനുള്ള ആവശ്യം മാർഗരേഖയിലെ നിബന്ധനകൾ പാലിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 പെരുവന്താനം ഗ്രാമപഞ്ചായത്ത് (ഫയൽനം 556/ഡി.ബി3/15/തസ്വഭവ)**

വേസ്റ്റ് ബിനുകളിൽ നിന്ന് ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനു പിക്ക് അപ്പ് വാൻ വാങ്ങുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് (ഫയൽനം 533/ഡി.ബി3/15/തസ്വഭവ)**

**നാരങ്ങാനം ഗ്രാമപഞ്ചായത്ത്**

2013–14–ലെ സ്പിൽഓവർ പണികൾ 2015 മാർച്ച് 31നകം പൂർത്തിയാക്കി ബില്ല് ട്രഷറിയിൽ സമർപ്പിച്ചില്ലെങ്കിൽ തനത് ഫണ്ടിൽ നിന്ന് തുക കണ്ടെത്തി പൂർത്തീകരിക്കണമെന്ന നിർദ്ദേശം ഭേദഗതി ചെയ്യേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 കടമക്കുടി ഗ്രാമപഞ്ചായത്ത് (ഫയൽനം 466/ഡി.എ2/15/തസ്വഭവ)**

ക്ഷേത്ര സമിതിയുടെ സ്ഥലം ഗ്രാമപഞ്ചായത്തിന് സറണ്ടർ ചെയ്താൽ മാത്രം പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് സാംസ്ക്കാരിക കേന്ദ്രം നിർമ്മിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽനം 540/ഡി.ബി.3/15/തസ്വഭവ)**

ഗ്രാമീണ റോഡുകൾ ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത പദ്ധതിയായി ഏറ്റെടുക്കാൻ 16.04.2015–ൽ നിർദ്ദേശിച്ച് എടുത്ത തീരുമാനം ഭേദഗതി ചെയ്യേണ്ടതില്ലെന്ന് തീരുമാനിച്ചു.

**3.25 വയനാട് ജില്ലാ പഞ്ചായത്ത് (ഫയൽനം547/ഡി.ബി3/15/തസ്വഭവ)**

മൊബൈൽ പാൽ ഗുണമേന്മ നിയന്ത്രണശാലയ്ക്ക് ടയോട്ട ഇന്നോവ വാഹനം വാങ്ങുന്നതിന് അനുമതി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**33.26 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് (ഫയൽനം 543/ഡി.ബി3/15/തസ്വഭവ)**

മൊബൈൽ പാൽ ഗുണമേന്മ നിയന്ത്രണ ലാബിന് വാഹനം വാങ്ങുന്നതിന് അനുമതി നൽകണമെന്ന ആവശ്യം പിന്നീട് ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് (ഫയൽനം 496/ഡി.ബി3/15/തസ്വഭവ)**

പമ്പാ പഠന കേന്ദ്രം എന്ന പരിസ്ഥിതി വിജ്ഞാന കേന്ദ്രത്തിന് ഗ്രാൻറ് നൽകാൻ അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 പിണറായി ഗ്രാമപഞ്ചായത്ത് (ഫയൽനം 436/ഡി.എ2 /15/തസ്വഭവ)**

മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നത് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് ഹൈക്കോടതി വിധിക്കും അനുസരണമായി മാത്രമായിരിക്കണമെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു. .

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 വാരാപ്പുഴ ഗ്രാമപഞ്ചായത്ത് (ഫയൽനം 437/ഡി.എ2/15/തസ്വഭവ))**

അംഗീകൃത യോഗ്യതയുള്ളവരെ നിയോഗിച്ചായിരിക്കണമെന്നുമുള്ള വ്യവസ്ഥയ്ക്ക് വിധേയമായി നീന്തൽ പരിശീലനം നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 ഏറ്റുമാനൂർ പഞ്ചായത്ത് (ഫയൽനം 390/ഡി.എ2/15/തസ്വഭവ)**

പഞ്ചായത്തിലെ നിരാലംബരായ മാനസികരോഗികളെ മലപ്പുറം ജില്ലയിലെ ഗവ.ആയുർവേദ മാനസികരോഗ ഗവേഷണകേന്ദ്രത്തിൽ കിടത്തി ചികിത്സ നടത്തുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 കയ്യൂർ – ചീമേനി ഗ്രാമപഞ്ചായത്ത് (ഫയൽനം 551/ഡി.ബി3/15/തസ്വഭവ)**

സാമൂഹ്യ സുരക്ഷാ മിഷൻ പഞ്ചായത്തിന് നൽകിയ ആംബുലൻസിൽ ജീവൻ രക്ഷാ ഉപകരണങ്ങളും മറ്റും ക്രമീകരിക്കുന്നതിന് തനത് ഫണ്ടിൽ നിന്ന് പരമാവധി രണ്ടര ലക്ഷം രൂപ ചെലവഴിക്കാൻ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 നെന്മേനി ഗ്രാമപഞ്ചായത്ത് (ഫയൽനം 440/ഡി.എ2 /15/തസ്വഭവ)**

സർക്കാർ ആയുർവേദ ആശുപത്രി മുഖേന മാത്രമേ ഔഷധങ്ങൾ വിതരണം ചെയ്യാവൂ എന്ന നിബന്ധന പാലിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു .

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 പട്ടിത്തറ ഗ്രാമപഞ്ചായത്ത് (ഫയൽനം 439/ഡി.എ2 /15/തസ്വഭവ)**

സിഡ്കോ മുഖേന ആയുർവേദ ആശുപത്രികളിലേയ്ക്ക് അളവ്–തൂക്ക, ക്ലിനിക്കൽ ഉപകരണങ്ങളും മറ്റും വാങ്ങിയതിന് പേയ്മെന്റ് നൽകാൻ അനുവദിക്കണമെന്ന ആവശ്യം സിഡ്കോ അംഗീകൃത ഏജൻസി അല്ലാത്തതിനാൽ നിരസിച്ചു തീരുനമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത് (ഫയൽനം 136/ഡി.എ1 /15/തസ്വഭവ)**

പട്ടികജാതി- പട്ടികവർഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്നത് സമബന്ധിച്ച് നിലവിലുള്ള മാർഗരേഖ നിർദ്ദേശങ്ങളും കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങളും പാലിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു. ഇതിന് വരുമാന പരിധി ബാധകമാക്കിയിട്ടില്ലെന്ന് സ്പഷ്ടീകരണം നൽകുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 അരക്കുഴ ഗ്രാമപഞ്ചായത്ത് (ഫയൽനം 136/ഡി.എ1 /15/തസ്വഭവ)**

പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ് നൽകുന്നത് സംബന്ധിച്ച മാർഗരേഖ നിർദ്ദേശങ്ങളും കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങളും പാലിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.36 അയ്മനം ഗ്രാമപഞ്ചായത്ത് (ഫയൽനം 481/ഡി.എ2/15/തസ്വഭവ)**

പട്ടികജാതിക്കാർക്ക് സൗജന്യമായി കുടിവെള്ള ടാങ്ക് നൽകുന്നതിന് അനുവാദം ആവശ്യപ്പെട്ടുകൊണ്ടുള്ള അയ്മനം ഗ്രാമപഞ്ചായത്തിന്റെ അപേക്ഷകളൊന്നും കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കു വന്നതായി കാണുന്നില്ലെന്നും അതിനാൽ 01.07.2015-ലെ തത്സംബന്ധമായ പൊതു തീരുമാനം ഇനം 2.3 പ്രകാരം 75% സബ്സിഡി അനുവദിക്കാവുന്നതാണെന്നും സൗജന്യമായി നൽകിയതിന് വേണ്ടി വന്ന അധിക തുക തനത് ഫണ്ടിൽ നിന്നും കണ്ടെത്തണമെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.37 ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി (ഫയൽനം 532/ഡി.ബി3/15/തസ്വഭവ)**

2013-14-ൽ പെരുന്ന ഗവ.എൽ.പി. സ്ക്കുളിന് എസ്.സി.പി. ഫണ്ട് ഉപയോഗിച്ചും 2015-16-ൽ പെരുന്ന വെസ്റ്റ് യു.പി. സ്ക്കുളിന് വികസന ഫണ്ട് ഉപയോഗിച്ചും വാഹനം വാങ്ങി നൽകിയതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.38 ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് (ഫയൽനം 193/എഫ്.എം.3/15/തസ്വഭവ)**

ദുർബല വിഭാഗങ്ങളിൽപ്പെട്ടവർ ഭൂരിഭാഗവും ഉൾപ്പെടുന്ന ഗുണഭോക്തൃ സമിതികൾക്ക് കുടിവെള്ള പദ്ധതിയുടെ തുടർ ചെലവ് വഹിക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ ഗ്രാമപഞ്ചായത്ത് തന്നെ തുടർ ചെലവ് വഹിക്കുന്നതിൽ തെറ്റില്ലെന്നും അതിനാൽ 05.08.2015-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 3.10 പ്രകാരം കോഴിമല കുടിവെള്ള പദ്ധതിയുടെ തുടർ നടത്തിപ്പിനെ

സംബന്ധിച്ച് കൈക്കൊണ്ട തീരുമാനം ഭേദഗതി ചെയ്യേണ്ടതില്ലെന്നും യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.**39 താനൂർ ബ്ലോക്ക് പഞ്ചായത്ത്**

പാർശ്വഭിത്തി നിർമ്മാണം എന്ന പ്രവൃത്തി മാത്രമാണ് ഏറ്റെടുക്കുന്നതെങ്കിൽ റോഡിന്റെ വീതി ബാധകമല്ലെന്നും, എന്നാൽ റോഡ് നിർമ്മാണമാണ് ഏറ്റെടുക്കുന്നതെങ്കിൽ റോഡിന്റെ വീതി 6 മീറ്ററിൽ കുറവാകരുതെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.40 **പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

2012–13 വർഷത്തിൽ പ്രമാടം ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് അലങ്കാര മത്സ്യഫെസ്റ്റ് നടത്തിയതുമായി ബന്ധപ്പെട്ട ചെലവുതുകയായ 500000 രൂപ എഫ്.എഫ്.ഡി.എ മുഖാന്തിരം ക്ലസ്റ്റർ ഗ്രൂപ്പുകൾക്കായി ചെലവഴിക്കുന്നതിന് ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.10ന് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 16.9.2015–ന് രാവിലെ 8 മണിക്ക് ബഹു മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.**